പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 135

23.01.2018 ൽ
മറുപടിക്ക്

# മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ പേഴക്കാപള്ളി കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോ എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പോലീസ് സേനയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പോലീസ് സേനയിൽ വരുത്തിയ പ്രധാനപ്പെട്ട മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.<br>1. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പദ്ധതി വ്യാപിപ്പിച്ചു.<br>2. വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ച് കൂടുതൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചു<br>3. 196 പോലീസ് സ്റ്റേഷനുകളുടെ ചുമതല 01.01.2018 മുതൽ ഇൻസ്പെക്ടർമാർക്ക് നൽകി.<br>4. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സി.യു.ജി സിം കാർഡ് നൽകി.<br>5. ഓൺലൈനായി പരാതികൾ സ്വീകരിക്കുവാനും, പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണവും ക്രമസമാധാനവും രണ്ട് വിഭാഗങ്ങളായി തിരിച്ച് പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.<br>6. സ്ത്രീകൾക്കും, കുട്ടികൾക്കും സെൽഫ് ഡിഫൻസ് ട്രെയിനിംഗ് നൽകുന്നതിനായി സ്കൂളുകൾ, കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ |

കേന്ദ്രീകരിച്ച് സെൽഫ് ഡിഫൻസ് ട്രെയിനിംഗ് ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നു.

7. എല്ലാ പഞ്ചായത്തുകളിലും ഓരോ വനിതാ പോലീസ് ഉദ്യോഗസ്ഥയെ ബീറ്റ് ഓഫീസറായി നിയമിക്കുകയും അവർ നിശ്ചിത ദിവസങ്ങളിൽ പഞ്ചായത്തുകൾ സന്ദർശിച്ച് സ്ത്രീകളിൽ നിന്ന് പരാതികൾ സ്വീകരിച്ച് പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.
8. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് പട്രോളിംഗ് നടപ്പിലാക്കി.
9. കുട്ടികളുടെ സുരക്ഷ മുൻനിർത്തി ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ ആരംഭിച്ചു.
10. പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ, പിങ്ക് ബീറ്റ് സിസ്റ്റം എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തി.

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 14 പുതിയ പോലീസ് സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ പേഴക്കാപള്ളി കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യത്തിലെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ ? | സി) | സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ